## 1014

*രീതി:എന്റെ ഭാവിയെല്ലാം*

1 എന്റെ ദൈവമെന്നുമെന്റെ സങ്കടങ്ങളറിയുന്നു
തന്റെ മഹത്ത്വത്തിന്നായിട്ടെല്ലാമവൻ ചെയ്തിടുന്നു-

2 ഉഷസ്സിൽ ഞാനുണരുമ്പോൾ തങ്കമുഖശോഭ കാണും
ഉന്നതന്റെ പൊന്നുമാറിൽ ചാരി നിന്നും സ്തോത്രം ചെയ്യും

3 എനിക്കായി മുറിവേറ്റ തിരുമാറിൽ ചാരും നേരം
എന്റെ ദു:ഖമുറിവുകൾ എന്നേക്കുമായ് പൊറുത്തിടും-

4 പുത്തനെരൂശലേമതിൽ എത്തിടും ഞാനൊരു നാളിൽ
കർത്താവിന്റെ പൊന്നുമുഖം കൺകുളിർക്കെ ദർശിക്കും ഞാൻ-

5 ഏഴയെൻമേൽ ചൊരിഞ്ഞതാം സ്നേഹത്തിന്റെ വലുപ്പവും
ആഴമതുമുയരവുമന്നാളിൽ ഞാനറിഞ്ഞിടും-

6 മൺകൂടാരമീ ഭവനം വിട്ടുമാറി താതനൊപ്പം
വിൺഭവനമതിൽ പാർപ്പാൻ മനമേറെ കൊതിക്കുന്നു-

**K.V.J**